# പതിനാലാം കേരള നിയമസഭ
## (അഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:745** **27.04.2017-ൽ മറുപടിയ്ക്ക്**

**മത്സ്യവിത്ത് ഉത്പാദനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ. എൻ. ഷംസീർ<br>ശ്രീ.എ. പ്രദീപ്കുമാർ<br>ശ്രീ.ജോൺ ഫെർണാണ്ടസ്<br>ശ്രീ.എം. നൗഷാദ് | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് മത്സ്യവിത്ത് ഉത്പാദനം വളരെ പരിമിതമായി മാത്രം നടക്കുന്നതിനാൽ മത്സ്യകൃഷിയെ അത് സാരമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള ഹാച്ചറികളുടെ പ്രവർത്തനപുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | ബി) | ഫിഷറീസ് വകുപ്പിന്റെ കീഴിലുളള ഹാച്ചറികളുടെ പ്രവർത്തന പുരോഗതി അവലോകനം ചെയ്യാറുണ്ട്. സർക്കാർ ഹാച്ചറികളുടെ 2016-17 വർഷത്തെ മൽസ്യ/ആറ്റുകൊഞ്ച്/ചെമ്മീൻ കുഞ്ഞുൽപാദനം 13.63 കോടിയാണ്. 2017-18 വർഷത്തിൽ 17.14 കോടി മത്സ്യ/ആറ്റുകൊഞ്ച്/ചെമ്മീൻ കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. |
| സി) | മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തത്തോടെ സർക്കാർ-സർക്കാരിതര മത്സ്യവിത്ത് ഉത്പാദന കേന്ദ്രങ്ങളും നഴ്സറികളും സ്ഥാപിക്കുക വഴി മത്സ്യവിത്ത് ക്ഷാമം പരിഹരിക്കാൻ കഴിയുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ? | സി) | സർക്കാർ/ സർക്കാർ ഇതര മത്സ്യവിത്ത് ഉല്പാദന കേന്ദ്രങ്ങളും നഴ്സറികളും സ്ഥാപിക്കുന്നതുവഴി മത്സ്യവിത്ത് ക്ഷാമം പരിഹരിക്കാൻ കഴിയുന്നതാണ്. 2017-18 വർഷത്തിൽ സർക്കാർ ഉടമസ്ഥതയിൽ ഓടയത്ത് ഒരു ഓരുജല മത്സ്യഹാച്ചറി സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും സഹകരണ സംഘങ്ങൾക്കും ശുദ്ധജല / ഓരുജല ഹാച്ചറികൾ സ്ഥാപിക്കുന്ന.തിനുളള പദ്ധതികൾ നിലവിലു ണ്ട്. |

**സെക്ഷൻ ആഫീസർ**